# അധ്യായം – 5
# സമസ്ഥിതി തകരുമ്പോൾ

## PART - A

പഠനലക്ഷ്യം : വിവിധ രോഗകാരികൾ രോഗങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 1**

പദജോഡി ബന്ധം കണ്ടെത്തി പൂരിപ്പിക്കുക.

മലമ്പനി : പ്രോട്ടോസോവ :: പുഴുക്കടി : ............................... Score - 1

Time - 1 min

പഠനലക്ഷ്യം : വിവിധ രോഗകാരികൾ രോഗങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 2**

പദജോഡിബന്ധം കണ്ടെത്തി പൂരിപ്പിക്കുക

a) കുറുനാമ്പ് രോഗം : വൈറസ് :: മൊസൈക്ക് രോഗം : .................................. Score - 1

Time - 1 min

പഠനലക്ഷ്യം : വിവിധ രോഗകാരികൾ രോഗങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 3**

പദജോഡിബന്ധം കണ്ടെത്തി പൂരിപ്പിക്കുക

b) വഴുതനയിലെ വാട്ടം : വിത്തുവഴി :: നെല്ലിലെ ബ്ലൈറ്റ് : ........................... Score - 1

Time - 1 min

പഠനലക്ഷ്യം : വിവിധ രോഗകാരികൾ രോഗങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്, നാം വളർത്തുന്ന മൃഗങ്ങളെയും പക്ഷികളെയും ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചുള്ള ധാരണമെച്ചപ്പെടുത്തുന്നതിന്.

**ചോദ്യം : 5 : 4**

കൂട്ടത്തിൽപ്പെടാത്തത് കണ്ടുപിടിക്കുക. മറ്റുള്ളവയുടെ പൊതു സവിശേഷത എഴുതുക.

a) മലമ്പനി, ക്ഷയം, ഡെങ്കിപ്പനി, ചിക്കുൻഗുനിയ

b) ചിക്കൻപോക്സ്, ഡെങ്കിപ്പനി, കോളറ, പന്നിപ്പനി

c) ഹീമോഫീലിയ, ക്ഷയം, കോളറ, എലിപ്പനി

d) ആന്ത്രാക്സ്, കുളമ്പുരോഗം, അകിടുവീക്കം, പുള്ളോറം Score - (1x4)

Time - (1x4) min

പഠനലക്ഷ്യം : ജനിതകവൈകല്യം രോഗകാരണമാകുന്നുവെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 5**

ഒരു രോഗത്തെപ്പറ്റിയുള്ള വിവരണമാണ് ബോക്സിൽ കൊടുത്തിരിക്കുന്നത് രോഗം ഏതാണെന്ന് എഴുതുക.

- അരുണരക്താണുക്കളിലെ ഹീമോഗ്ലോബിൻ തന്മാത്രകളിൽ ഘടനാപരമായ വൈകല്യമുണ്ടാകുന്നു.
- അരുണരക്താണുക്കൾക്ക് രൂപമാറ്റം സംഭവിച്ച് അരിവാളിന്റെ ആകൃതിയായി മാറുന്നു.
- കലകളിലേക്കുള്ള ഓക്സിജൻ സംവഹനത്തെ ബാധിക്കുന്നു.

Score - 1
Time - 1 min

പഠനലക്ഷ്യം : ജനിതകവൈകല്യം രോഗകാരണമാകുന്നുവെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 6**

ജനിതകവൈകല്യം മൂലമുണ്ടാകുന്ന ഒരു രോഗത്തിന്റെ ലക്ഷണങ്ങളാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. രോഗം എന്താണെന്ന് എഴുതുക.




Score - 1
Time -1 min

പഠനലക്ഷ്യം : ജനിതകവൈകല്യം രോഗകാരണമാകുന്നുവെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 7**

താഴെപ്പറയുന്നവയിൽ വൈറസിന് മാത്രം ബാധകമായ സൂചനകൾ കണ്ടെത്തുക.

i) സ്വന്തമായി ഉപാപചയപ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ കോശസംവിധാനമില്ല

ii) ഇവ പുറപ്പെടുവിക്കുന്ന എൻസൈമുകൾ നമ്മുടെ കോശങ്ങളെ നശിപ്പിക്കുന്നു

iii) മനുഷ്യ ശരീരത്തിൽ പ്രവേശിച്ചതിനുശേഷം വിഭജനത്തിലൂടെ പെരുകുന്നു.

iv) രോഗകാരികളും ഉപകാരികളുമുണ്ട്

Score - 1
Time -1 min

പഠനലക്ഷ്യം : നാം വളർത്തുന്ന മൃഗങ്ങളെയും പക്ഷികളെയും സസ്യങ്ങളെയും ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന്.

**ചോദ്യം : 5 : 8**

ഷീബയുടെ പച്ചക്കറിത്തോട്ടത്തിലെ സസ്യങ്ങളുടെ ഇലകളിൽ തവിട്ടുനിറത്തിലുള്ള ഉണങ്ങിയ പാടുകൾ പ്രത്യക്ഷപ്പെട്ടു. ഇലയുടെ ഞരമ്പുകളിൽ മഞ്ഞളിപ്പും അടിഭാഗത്ത് പർപ്പിൾ നിറവും ഉണ്ടായിരുന്നു.

a) ഏതു മൂലകത്തിന്റെ അഭാവം കൊണ്ടാണ് ഇത് സംഭവിച്ചതെന്ന് പറഞ്ഞുകൊടുക്കാമോ?

b) ഇതിനൊരു പരിഹാരം നിർദ്ദേശിക്കാമോ?

Score - 1
Time - 2 min

പഠനലക്ഷ്യം : വിവിധ സാംക്രമിക രോഗങ്ങളുടെ ലക്ഷണങ്ങൾ തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 9**

താഴെ കൊടുത്തിരിക്കുന്ന രോഗലക്ഷണങ്ങളിൽ നിന്ന് കോളറ രോഗത്തിന്റെ ലക്ഷണങ്ങൾ മാത്രം കണ്ടെത്തി എഴുതുക.

- മലത്തിൽ രക്തവും കഫവും
- കഞ്ഞിവെള്ളം പോലെയുള്ള മലം
- ഉദരവേദന, മലബന്ധം
- വയറിളക്കം, ഛർദ്ദി

Score -1
Time - 2 min

---

## PART - B

പഠനലക്ഷ്യം : വിവിധ സാംക്രമിക രോഗങ്ങൾ പകരുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 10**

ആഗസ്റ്റ് 20 കൊതുകുദിനത്തോടനുബന്ധിച്ച് നടത്തുന്ന ബോധവൽക്കരണ റാലിയിലേക്ക് രണ്ട് പ്ലക്കാർഡിനു വേണ്ട വാചകങ്ങൾ തയ്യാറാക്കുക.

Score - 2
Time - 3 min

പഠനലക്ഷ്യം : കാൻസർ രോഗത്തെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന്.

**ചോദ്യം : 5 : 11**

കാൻസർ രോഗത്തിന് കാരണമാകുന്ന സാഹചര്യങ്ങളിൽ ഒരെണ്ണം താഴെ കൊടുത്തിരിക്കുന്നു. രണ്ടെണ്ണം കൂടി കണ്ടെത്തി എഴുതുക.

- അൾട്രാവയലറ്റ് വികിരണങ്ങൾ
-
-

Score - 2
Time - 2 min

പഠനലക്ഷ്യം : സസ്യങ്ങളെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന്.

**ചോദ്യം : 5 : 12**

സസ്യരോഗങ്ങളെക്കുറിച്ചുള്ള ചിത്രീകരണം വിശകലനം ചെയ്ത് a, b, c, d ഏതെന്ന് എഴുതുക.






Score - 3
Time - 5 min

പഠനലക്ഷ്യം : പുകവലി, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയുന്നതിനും അവയ്ക്കെതിരെയുള്ള മനോഭാവം രൂപപ്പെടുന്നതിനും.

**ചോദ്യം : 5 : 13**

മദ്യപാനത്തെക്കുറിച്ചുള്ള ബോധവൽക്കരണക്ലാസിൽ പങ്കെടുത്ത ഒരാളുടെ അഭിപ്രായം ശ്രദ്ധിക്കൂ. “ബിയർ പോലുള്ള വീര്യംകുറഞ്ഞ മദ്യം ഉപയോഗിക്കുന്നതിൽ തെറ്റില്ല”

ഈ പ്രസ്താവനയോട് നിങ്ങളുടെ പ്രതികരണമെന്ത്? Score - 2

Time - 2 min

പഠനലക്ഷ്യം : പുകവലി, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയുന്നതിനും അവയ്ക്കെതിരെയുള്ള മനോഭാവം രൂപപ്പെടുന്നതിനും.

**ചോദ്യം : 5 : 14**

“പുകവലിക്കാരുടെ രക്തത്തിന് ഓക്സിജൻ സ്വീകരിക്കാനുള്ള ശേഷി കുറയും.”

a) എന്താണ് ഇതിനുകാരണം?

b) ഇത് ആരോഗ്യത്തെ എങ്ങനെ ബാധിക്കും?

Score - 2

Time - 2 min

പഠനലക്ഷ്യം : ജനിതക വൈകല്യം രോഗകാരണമാവുന്നുവെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 15**

താഴെ തന്നിരിക്കുന്ന രോഗലക്ഷണങ്ങളെ ശരിയായ രീതിയിൽ പട്ടികപ്പെടുത്തുക.

a) അരുണരക്താണുക്കളുടെ എണ്ണം, അവയിലെ ഹീമോഗ്ലോബിൻ ഇവ സാധാരണ തോതിലും കുറവ്.

b) ചെറിയ മുറിവിൽ നിന്നുപോലും അനിയന്ത്രിതമായ രക്തസ്രാവം.

c) വിളർച്ച, കായികമായ അധ്വാനം ആവശ്യമുള്ള ജോലികൾ ചെയ്യാൻ ബുദ്ധിമുട്ട്.

d) രക്തത്തിൽ പ്ലേറ്റ്ലറ്റുകൾ, കാത്സ്യം അയോണുകൾ എന്നിവ സാധാരണ തോതിലുണ്ട്.

| **ഹീമോഫീലിയ** | **സിക്കിൾസെൽ അനീമിയ** |
|---|---|
| • | • |
| • | • |

Score - 2

Time - 4 min

## PART - C

പഠനലക്ഷ്യം : വിവിധ രോഗകാരികൾ രോഗങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 16**

ചില രോഗങ്ങളുടെ ലക്ഷണങ്ങൾ തന്നിരിക്കുന്നു. രോഗം തിരിച്ചറിഞ്ഞ് രോഗകാരിയെ കണ്ടെത്തുക

| രോഗലക്ഷണം | രോഗം | രോഗകാരി |
|---|---|---|
| • തലവേദന<br>• ശക്തമായ പനി<br>• ഉദരവേദന, മലബന്ധം | | |
| • തുടർച്ചയായി അനുഭവപ്പെടുന്ന വരണ്ടചുമ, പനി<br>• രക്തത്തിൽ കഫം<br>• നെഞ്ചുവേദന | | |
| • കഠിനമായ പനി<br>• അസഹ്യമായ തലവേദന<br>• ശരീരം ചുട്ടുപൊള്ളുന്ന അനുഭവം<br>• നിശ്ചിത ഇടവേളകളിൽ പനി ആവർത്തിക്കുന്നു | | |

Score - 3
Time -4 min

പഠനലക്ഷ്യം : വിവിധ രോഗകാരികളെയും അവ ഉണ്ടാക്കുന്ന രോഗങ്ങളെയും തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 17**

താഴെതന്നിരിക്കുന്ന ചിത്രങ്ങളിലെ സൂക്ഷ്മജീവി വിഭാഗം എന്തെന്ന് തിരിച്ചറിഞ്ഞ് ഇവ ഓരോന്നും ഉണ്ടാക്കുന്ന ഓരോ രോഗങ്ങളുടെ പേരെഴുതുക.

**A**



**B**



**C**



Score - 3
Time - 4 min

പഠനലക്ഷ്യം : പുകവലി ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയുന്നതിനും അവയ്ക്കെതിരെയുള്ള മനോഭാവങ്ങൾ രൂപപ്പെടുന്നതിനും.

**ചോദ്യം : 5 : 18**

a) മദ്യപാനത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണത്തിനായുള്ള പോസ്റ്ററിലേക്ക് ഉൾപ്പെടുത്താവുന്ന 3 സന്ദേശങ്ങൾ തയ്യാറാക്കുക.

Score - 3
Time - 4 min

പഠനലക്ഷ്യം : വളർത്തുമൃഗങ്ങൾ, പക്ഷികൾ ഇവയെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചുള്ള ധാരണവളർത്തുന്നതിന്.

**ചോദ്യം : 5 : 19**

A കോളത്തിനനുയോജ്യമായി B കോളത്തിലെ വസ്തുതകൾ ക്രമപ്പെടുത്തി എഴുതുക.

| | രോഗങ്ങൾ | ലക്ഷണങ്ങൾ |
|---|---|---|
| 1 | ആന്ത്രാക്സ് | • കടുത്ത പനി, വായിലും കുളമ്പുകൾക്കിടയിലും കുമിളകൾ, ആഹാരത്തോട് വിരക്തി. |
| 2 | കുളമ്പുരോഗം | • അകിട് നീരുവന്നു വീങ്ങുന്നു. പാൽ ഉൽപാദനം കുറയുന്നു. മുലക്കാമ്പിൽ പഴുപ്പ്. |
| 3 | പുള്ളോറം | • പെട്ടെന്നുള്ള പനി, മൂക്കിൽ നിന്നും വായിൽ നിന്നും രക്ത സ്രാവം.<br>• വായിൽ നിന്ന് നുരയും പതയും |
| | | • വെളുത്തതും അയഞ്ഞതുമായ മലം.<br>• ഉറക്കം തൂങ്ങി നിൽക്കുന്നു.<br>• ശ്വാസതടസ്സം |

Score - 3
Time - 3 min

പഠനലക്ഷ്യം : വിവിധ സാംക്രമിക രോഗങ്ങൾ പകരുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന് തന്റെ ചുറ്റുപാടിൽ രോഗസംക്രമണ സാധ്യതകൾ എത്രത്തോളമുണ്ടെന്ന് കണ്ടെത്തുന്നതിന്.

**ചോദ്യം : 5 : 20**

നിങ്ങളുടെ പ്രദേശത്ത് കോളറയും, ചിക്കുൻഗുനിയയും പടർന്ന് പിടിച്ചിരിക്കുന്നു. ഈ രോഗങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനായി 4 സ്ലൈഡുകളുള്ള പ്രസന്റേഷൻ തയ്യാറാക്കുന്നതിന് ഒരു സ്റ്റോറിബോർഡ് തയ്യാറാക്കുക.

സൂചകം :
- രോഗാണു
- രോഗപ്പകർച്ച
- പ്രതിരോധം
- പ്രഥമശുശ്രൂഷ

Score - 4
Time - 4 min

പഠനലക്ഷ്യം : തന്റെ ചുറ്റുപാടിൽ രോഗസംക്രമണസാധ്യത എത്രത്തോളമുണ്ടെന്ന് കണ്ടെത്തുന്നതിന് വിവിധ രോഗകാരികൾ രോഗങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 21**

നിങ്ങളുടെ പ്രദേശത്ത് മഞ്ഞപ്പിത്തം, ഡങ്കിപ്പനി തുടങ്ങിയ രോഗങ്ങൾക്ക് സാധ്യതയുള്ളതായി നിങ്ങൾ മനസ്സിലാക്കിയെന്നിരിക്കട്ടെ. പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് വിവരശേഖരണത്തിനായി തയ്യാറാക്കുന്ന ചോദ്യാവലിയിലേക്ക് പ്രസക്തമായ 6 ചോദ്യങ്ങൾ നിർമ്മിക്കുക.

സൂചകം :
- രോഗപകർച്ച – സാധ്യത

Score - 3
Time - 3 min

പഠനലക്ഷ്യം : വിവിധ സാംക്രമിക രോഗങ്ങൾ പകരുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 22**

താഴെ പറയുന്നവയിൽ കൊതുക് വഴി പകരുന്ന രോഗങ്ങൾ തെരഞ്ഞെടുത്ത് എഴുതുക.

| |
|---|
| ക്ഷയം, ചിക്കൻപോക്സ്, മന്ത്, മലമ്പനി, പന്നിപ്പനി, ചിക്കൻഗുനിയ, കോളറ, ടൈഫോയ്ഡ്, ജപ്പാൻജ്വരം, ഡെങ്കിപ്പനി. |

Score - 2½
Time -2 min

പഠനലക്ഷ്യം : നാം വളർത്തുന്ന മൃഗങ്ങളെയും പക്ഷികളെയും സസ്യങ്ങളെയും ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന്.

**ചോദ്യം : 5 : 23**

രോഗങ്ങളും രോഗകാരികളും ജോഡികളാക്കി എഴുതുക.

| A | B |
|---|---|
| ആന്ത്രാക്സ് | ഫംഗസ് |
| കുളമ്പുരോഗം | വൈറസ് |
| തെങ്ങിന്റെ കൂമ്പുചീയൽ, | ബാക്ടീരിയ |
| പുള്ളോറം | |

Score - 1½
Time - 3 min

പഠനലക്ഷ്യം : നാം വളർത്തുന്ന മൃഗങ്ങളെയും പക്ഷികളെയും സസ്യങ്ങളെയും ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന്.

**ചോദ്യം : 5 : 24**

ശരിയായ രീതിയിൽ ക്രമീകരിക്കുക.

| A **സസ്യം** | B **രോഗം** | C **രോഗകാരി** |
|---|---|---|
| 1. തെങ്ങ് | a. കുറുനാമ്പ്രോഗം | i. ബാക്ടീരിയ |
| 2. വാഴ | b. ബ്ലൈറ്റ് | ii ഫംഗസ് |
| 3. നെൽച്ചെടി | c. കൂമ്പുചീയൽ | iii വൈറസ് |
| | d. ദ്രുതവാട്ടം | iv. പ്രോട്ടോസോവ |

Score - 1½
Time - 3 min

പഠനലക്ഷ്യം : വിവിധ രോഗകാരികൾ രോഗങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 25**

അക്ഷയ് എന്ന വിദ്യാർത്ഥിയുടെ ഉത്തരക്കടലാസിലെ ചില ഭാഗങ്ങൾ ചുവടെത്തന്നിരിക്കുന്നു. തെറ്റുണ്ടെങ്കിൽ തിരുത്തുക.

| **രോഗം** A | **കാരണം** B | **ലക്ഷണം** C |
|---|---|---|
| മന്ത് | അനോഫിലസ് കൊതുക് | ലിംഫ്‌വാഹിയിൽ വിരകൾ വളരുന്നു |
| ക്ഷയം | വൈറസ് | നിശ്ചിത ഇടവേളകളിൽ ആവർത്തിക്കുന്ന പനി |
| ചിക്കൻപോക്സ് | ബാക്ടീരിയ | ശരീരത്തിൽ കുമിളകൾ പ്രത്യക്ഷപ്പെടുന്നു |
| വയറുകടി | പ്രോട്ടോസോവ | മലത്തിൽ രക്തവും കഫവും |
| മലമ്പനി | ക്യൂലക്സ് കൊതുക് | കഫത്തിൽ രക്തം |

Score - 3
Time - 2 min

പഠനലക്ഷ്യം : പുകവലി, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയുന്നതിനും അവയ്ക്കെതിരെയുള്ള മനോഭാവം രൂപപ്പെടുന്നതിനും.

**ചോദ്യം : 5 : 26**

പുകവലി താഴെപ്പറയുന്ന അവയവങ്ങളെ എങ്ങനെ പ്രതികൂലമായി ബാധിക്കുന്നു എന്ന് എഴുതുക.






Score - 3
Time - 3 min

പഠനലക്ഷ്യം : നാം വളർത്തുന്ന മൃഗങ്ങളെയും പക്ഷികളെയും സസ്യങ്ങളെയും ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന്.

**ചോദ്യം : 5 : 27**

ബോക്സിനുള്ളിൽ തന്നിരിക്കുന്ന സസ്യരോഗങ്ങളെ പട്ടികയിൽ അനുയോജ്യമായി ക്രമീകരിക്കുക.

| |
|---|
| ബ്ലൈറ്റ്, വാട്ടം, മൊസൈക്ക് രോഗം, കൂമ്പുചീയൽ, മഹാളി, ദ്രുതവാട്ടം, കുറുനാമ്പ് രോഗം |

| A കാറ്റിലൂടെ പകരുന്നവ | B കീടങ്ങളിലൂടെ പകരുന്നവ | C വിത്തിലൂടെ പകരുന്നവ |
|---|---|---|
| | | |

Score - 3
Time - 2 min

പഠനലക്ഷ്യം : വിവിധ രോഗകാരികൾ രോഗങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 28**

രോഗകാരണത്തിന്റെ അടിസ്ഥാനത്തിൽ താഴെത്തന്നിരിക്കുന്ന രോഗങ്ങളെ ജോഡിയാക്കുക

- ബ്ലൈറ്റ് രോഗം
- ചിക്കൻപോക്സ്
- ഹീമോഫീലിയ
- മൊസൈക്ക് രോഗം
- ക്ഷയരോഗം
- സിക്കിൾസെൽ അനീമിയ

Score - 3
Time - 3 min

പഠനലക്ഷ്യം : വിവിധ സാംക്രമിക രോഗങ്ങൾ പകരുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന് തന്റെ ചുറ്റുപാടിൽ രോഗസംക്രമണ സാധ്യതകൾ എത്രത്തോളമുണ്ടെന്ന് കണ്ടെത്തുന്നതിന്.

**ചോദ്യം : 5 : 29**

സൂറത്തിലെ ഒരു കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു വർഷം ചികിത്സയ്ക്ക് എത്തിയവരുടെ വിവരങ്ങളാണ് താഴെ ഗ്രാഫായി കൊടുത്തിരിക്കുന്നത്. ഗ്രാഫ് വിശകലനം ചെയ്ത് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.



a) ഈ പ്രദേശത്ത് ഏറ്റവും കൂടുതൽ കാണപ്പെടുന്ന രോഗമേത്?

b) എന്തുകൊണ്ടായിരിക്കാം ഈ രോഗം കൂടുതൽ കാണപ്പെടുന്നത്?

c) ഇതിനെതിരെയുള്ള ബോധവൽക്കരണ പരിപാടിയിൽ വിതരണം ചെയ്യാനുള്ള ലഘുലേഖയിൽ ഉൾപ്പെടുത്തേണ്ട നാല് നിർദ്ദേശങ്ങൾ എഴുതുക.

Score - 3
Time - 3 min

പഠനലക്ഷ്യം : വിവിധ സാംക്രമിക രോഗങ്ങൾ പകരുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന് തന്റെ ചുറ്റുപാടിൽ രോഗസംക്രമണ സാധ്യതകൾ എത്രത്തോളമുണ്ടെന്ന് കണ്ടെത്തുന്നതിന്.

**ചോദ്യം : 5 : 30**

ഒരു നഗരത്തിൽ സ്കൂൾവിദ്യാർത്ഥികൾ നടത്തിയ ആരോഗ്യസർവ്വേയിലെ വിവരങ്ങൾ ഗ്രാഫിൽ സൂചിപ്പിച്ചിരിക്കുന്നു. ഗ്രാഫ് വിശകലനം ചെയ്ത് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




a) ഏറ്റവും കൂടുതൽ കാണുന്ന രോഗമേത്?

b) ആ രോഗത്തിന്റെ പ്രധാനലക്ഷണങ്ങൾ എന്തെല്ലാം?

c) ഓരോ രോഗത്തിനും കാരണമായ രോഗകാരി ഏതുവിഭാഗത്തിൽപ്പെടുന്നു?

Score - 4
Time - 3 min

പഠനലക്ഷ്യം : വിവിധ രോഗകാരികൾ രോഗങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 31**

A യിലെ ചിത്രത്തിന് അനുയോജ്യമായി B യും C യും പുനക്രമീകരിക്കുക.

| | A | B | C |
|---|---|---|---|
| 1. |  | a. പ്രോട്ടോസോവ | i. സ്വന്തമായി ഉപാപചയപ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ കോശസംവിധാനമില്ല. |
| 2. |  | b. ഫംഗസ് | ii. ഇവ ഉല്പാദിപ്പിക്കുന്ന എൻസൈമുകൾ കുടലിന്റെ ആവരണകലയെ നശിപ്പിക്കുന്നു. |
| 3. |  | c. ഫൈലേറിയ | iii. ഇവ ശരീരത്തിൽ പ്രവേശിച്ചതിനുശേഷം വിഭജനത്തിലൂടെ പെരുകുന്നു. |
| 4. |  | d. ബാക്ടീരിയ | iv. ഇവ പുറപ്പെടുവിക്കുന്ന എൻസൈമുകൾ നമ്മുടെ കോശങ്ങളെ നശിപ്പിക്കുന്നു. |
| | | e. വൈറസ് | v. ഇവ വളരുന്നതുമൂലം ലിംഫിന്റെ പ്രവാഹം തടസ്സപ്പെടുന്നു. |

Score - 4
Time - 3 min

പഠനലക്ഷ്യം : പുകവലി, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയുന്നതിനും അവയ്ക്കെതിരെയുള്ള മനോഭാവം രൂപപ്പെടുന്നതിനും.

**ചോദ്യം : 5 : 32**

താഴെകൊടുത്തിരിക്കുന്ന സംഭാഷണങ്ങൾ ശ്രദ്ധിക്കുക.

"പുകവലിക്കുന്നത് മൂലം കാൻസർ ഉണ്ടാകും." - റെജി

"പുകവലിക്കാതിരുന്നാലും കാൻസർ ഉണ്ടാകും." - ജോണി

a) ക്യാൻസറിനിടയാക്കുന്ന മറ്റു കാരണങ്ങൾ എന്തെല്ലാം?

b) പുകവലി മറ്റേതൊക്കെ രീതിയിലാണ് ശരീരത്തെ ബാധിക്കുന്നത്?

Score - 3
Time - 3 min

പഠനലക്ഷ്യം : വിവിധ രോഗകാരികൾ രോഗങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

**ചോദ്യം : 5 : 33**

പട്ടികയിൽ കോളം A യിൽ നൽകിയിരിക്കുന്ന വിവരങ്ങൾക്കനുസരിച്ച് B യും C യും പുനഃക്രമീകരിച്ച് പട്ടിക പൂർത്തിയാക്കുക.

| A | B | C |
|---|---|---|
| ചിക്കൻപോക്സ് | പ്ലാസ്മോഡിയം | ക്യൂലക്സ് |
| മലമ്പനി | ബാക്ടീരിയ | വെള്ളം, ഭക്ഷണം |
| മന്ത് | വൈറസ് | വായു |
| | ഫൈലേറിയ വിര | അനോഫിലസ് |

Score - 3
Time - 3 min

* * *